ഒഴിവാക്കുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും പൊതു വിപണിയിൽ അരിയുടെ വില നിയന്ത്രിക്കുന്നതിനുമായി ആലപ്പുഴ, പത്തനംതിട്ട, പാലക്കാട്, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിൽ നെല്ല് സംഭരണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

(ഡി) കാസർകോഡ് ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളും ഒന്നോ അതിൽ കൂടുതലോ കയറ്റുമതി മേഖലകളിൽ ഉൾപ്പെടുന്നുണ്ട്. ടി സാഹചര്യത്തിൽ കൂടുതൽ പ്രദേശങ്ങൾ അഗ്രി എക്സ്പോർട്ട് സോണിൽ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാൻ നടപടി

*19 [579] ശ്രീ. രാജു എബ്രഹാം:

,, എം. വി. ജയരാജൻ:

,, ടി. പി. രാമകൃഷ്ണൻ:

,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രസരണ-വിതരണ നഷ്ടം വർഷംതോറും 3 ശതമാനം കുറച്ചുകൊണ്ടുവരുമെന്ന് പ്രഖ്യാപിക്കുകയുണ്ടായോ;

(ബി) പ്രസരണ-വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാതിരുന്നത് ഏതെല്ലാം കാരണങ്ങൾ കൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന വർഷത്തെ ഇലക്ട്രിസിറ്റി ബോർഡിന്റെ ബഡ്ജറ്റ് പ്രകാരം ടി.ഡി. ലോസ് എത്രയായിരുന്നു; ഏറ്റവും ഒടുവിലത്തെ ബഡ്ജറ്റ് രേഖകൾ പ്രകാരം ടി.ഡി. ലോസ് എത്രയാണ്;

(ഇ) ഈ സർക്കാരിന് അവശേഷിക്കുന്ന കാലയളവിനുള്ളിൽ ടി.ഡി. ലോസ് എത്ര ശതമാനം കുറയ്ക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) പ്രതിവർഷം 3 ശതമാനം വീതം പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാനായി സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷൻ ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തിട്ടുണ്ട്.

1. HT : LT അനുപാതം മെച്ചപ്പെടുത്തുക.
2. സബ് സ്റ്റേഷനുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുക.
3. കപ്പാസിറ്ററുകൾ സ്ഥാപിക്കുക.
4. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.
5. ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾക്കു പകരം ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
6. എനർജി ഓഡിറ്റിംഗ് നടപ്പാക്കുക.
7. വൈദ്യുതി മോഷണം തടയുക.

(സി) തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കി വരുന്നു.

(ഡി) 2001-2002 വർഷത്തെ കണക്കുകൾ പ്രകാരം ആ വർഷത്തെ T & D-ലോസ് 32.2 ശതമാനം ആണ്. 2005-2006 വർഷത്തെ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്ന T & D-ലോസ് 23.96 ശതമാനം ആണ്.

(ഇ) 2005-2006-ഓടെ T & D-ലോസ് 23.96 ശതമാനം ആയി കുറക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

റേഷൻ കടകളിലെ പഞ്ചസാര വിതരണം

*20 [580] ശ്രീ. കെ. വി. കുഞ്ഞിരാമൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് റേഷൻ പഞ്ചസാര മാസങ്ങളായി വിതരണം ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ കടകളിൽക്കൂടി വിതരണം ചെയ്യേണ്ട പഞ്ചസാര കൂടിയ വിലയ്ക്ക് മാവേലി സ്റ്റോറുകൾ വഴി വില്പന നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly